**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – മറ്റ് ജില്ലാ റോഡുകളുടേയും വില്ലേജ് റോഡുകളുടേയും ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തുകളിൽ നിലനിർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ.31/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 04–02–2011

പരാമർശം: സ.ഉ.(പി.)നമ്പർ 189/1995/തഭവ; തീയതി 18.09.1995.

## ഉത്തരവ്

ഭരണഘടനയുടെ 73, 74 ഭേദഗതികളെ തുടർന്ന് കേരളം സമഗ്ര വികേന്ദ്രീകരണത്തിന്റെ പാത സ്വീകരിക്കുകയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന പല അധികാരങ്ങളും ചുമതലകളും സ്ഥാപനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെടെ പരാമർശത്തിലെ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. ഇതിന് തുടർച്ചയായി, കൈമാറിയ ചുമതലകൾ നിറവേറ്റുന്നതിന് ആവശ്യമായ വിഭവം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തു. റോഡുകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന പാതകളും (State Highways) മേജർ ജില്ലാ റോഡുകളും (MDR) പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലായിരുന്ന മറ്റ് ജില്ലാ റോഡുകളും (ODR) വില്ലേജ് റോഡുകളും (Village Roads) ജില്ലാപഞ്ചായത്തുകൾക്ക് കൈമാറുന്നതിനുമുള്ള നയതീരുമാനം തൊണ്ണൂറുകളുടെ മധ്യത്തിൽ ജനകീയാസൂത്രണം ആരംഭിച്ചപ്പോൾ തന്നെ എടുത്തിരുന്നതാണ്. ഈ തീരുമാനം കേരള പഞ്ചായത്ത്രാജ് നിയമത്തിൽ 1999–ൽ വരുത്തിയ ഭേദഗതിയിലൂടെ നിയമമാക്കുകയും ചെയ്തു. എന്നാൽ ഇത് നടപ്പാക്കിയില്ല. അതായത് ഓരോ ജില്ലാപഞ്ചായത്തിനും ഏതൊക്കെ റോഡുകൾ കൈമാറുന്നുവെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയോ കൈമാറുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്തില്ല. 1996–ൽ 2360.78 കി.മീറ്റർ സംസ്ഥാന പാതകളും 5902.23 കി.മീ. മേജർ ജില്ലാ റോഡുകളും 10,966.58 കി.മീ. മറ്റ് ജില്ലാ റോഡുകളും 3633.27 കി.മീ. വില്ലേജ് റോഡുകളുമാണ് ഉണ്ടായിരുന്നത്.

2. റോഡുകളുടെ കൈമാറ്റം ഉണ്ടായില്ല എന്നതുകൊണ്ടുതന്നെ അവയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയും യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിൽ വീഴ്ചയുണ്ടാകുകയും ചെയ്തു. ഇതിന് ജില്ലാപഞ്ചായത്തുകൾ വിമർശന വിധേയരാകുകയും ചെയ്തു. എന്നാൽ തങ്ങളുടെ ചുമതലയിൽപ്പെട്ട റോഡുകൾ ഏതൊക്കെയെന്ന് സർക്കാർ അറിയിക്കാത്തതുകൊണ്ടാണ് തങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തത് എന്ന നിലപാടാണ് ജില്ലാപഞ്ചായത്തുകൾ സ്വീകരിച്ചു പോന്നത്. ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിന്നത് കാരണം ജില്ലാപഞ്ചായത്തുകൾ പുതിയ റോഡുകളുടെ നിർമ്മാണത്തിലേക്കും ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിയിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. ലഭ്യമായ വിഹിതം അതിനായി വിനിയോഗിക്കുകയും ചെയ്തു.

3. റോഡുകൾ പരിപാലിക്കേണ്ട ഉത്തരവാദിത്വം ആർക്കാണെന്നത് സംബന്ധിച്ച് റോഡ് ഉപയോക്താക്കൾക്കും ധാരണയുണ്ടായിരുന്നില്ല. അവർ സർക്കാരിനോട് പരാതിപ്പെടുകയുണ്ടായി. റോഡുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വാർത്ത വരുന്നതും പതിവായി. ഈ വിഷയത്തിന് ഒരു പരിഹാരം കാണേണ്ടത് ആവശ്യമായതുകൊണ്ട് 2009–ൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

(1) പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുള്ളതും ഉടമസ്ഥാവകാശതർക്കം നിലനിൽക്കുന്നതും പൊതുപ്രാധാന്യമുള്ളതുമായ സംസ്ഥാനത്തെ 7385 കി. മീറ്റർ റോഡുകൾ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അനുമതിയോടെ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി മേജർ ജില്ലാ റോഡുകളുടെ വിഭാഗത്തിൽപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(2) മറ്റ് ജില്ലാ റോഡുകൾ ഉൾപ്പെടെ 6400–ഓളം കി. മീറ്റർ റോഡുകൾ ജില്ലാപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിക്കൊണ്ട് പ്രസ്തുത റോഡുകളുടെ ലിസ്റ്റ് ജില്ലാപഞ്ചായത്തുകൾക്ക് കൈമാറി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

4. മുകളിൽ സൂചിപ്പിച്ച തീരുമാനം നടപ്പാക്കുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പുനർവിഭജനം ആവശ്യമായി വരും. മാത്രമല്ല, വികേന്ദ്രീകരണം നടപ്പാക്കിയതിലൂടെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളം വികേന്ദ്രീകരണത്തിൽ നിന്നും തിരിച്ചുപോകുന്നതിന് സമാനമായ ഒരു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് പല ഭാഗത്തുനിന്നും ശക്തമായ വിമർശനം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ജില്ലാപഞ്ചായത്തുകൾ പ്രതിഷേധമറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സർക്കാർ വീണ്ടും വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് ജില്ലാ റോഡുകളുടെയും വില്ലേജ് റോഡുകളുടെയും ഉടമസ്ഥത, പരിപാലനം എന്നിവ സംബന്ധിച്ച് സർക്കാർ ചുവടെ പ്രതിപാദിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

(1) റോഡുകളുടെ ഉടമസ്ഥാവകാശം, പരിപാലന ചുമതല എന്നിവ സംബന്ധിച്ച് വികേന്ദ്രീകരണത്തിന്റെ ആദ്യവർഷങ്ങളിൽ സ്വീകരിച്ചിരുന്ന അതേ നയം തന്നെ സർക്കാർ തുടരുന്നതാണ്. അതായത് വികേന്ദ്രീകരണം നടപ്പാക്കിയപ്പോൾ പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമായിരുന്ന മറ്റ് ജില്ലാ റോഡുകളും വില്ലേജ് റോഡുകളും തുടർന്നും ജില്ലാപഞ്ചായത്തുകളുടെ അധീനതയിൽ തന്നെയായിരിക്കും.

(2) നിലവിലുള്ള റോഡുകളെ മേജർ ജില്ലാ റോഡുകളായോ സംസ്ഥാന പാതകളായോ മാറ്റുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഭാവിയിൽ വിവിധ വിഭാഗം റോഡുകളുടെ പട്ടിക പുനക്രമീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി സെക്രട്ടറി (പൊതുമരാമത്ത്), പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണം), ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും), ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണം), ഡയറക്ടർ (സാങ്കേതിക വിദ്യാഭ്യാസം), ഡയറക്ടർ (നാട്പാക്), കെ.എസ്.ടി.പി.യിൽ നിന്നുള്ള ഒരു വിദഗ്ദ്ധൻ എന്നിവരടങ്ങിയ ഒരു കമ്മിറ്റി പൊതുമരാമത്ത് വകുപ്പ് രൂപീകരിക്കേണ്ട താണ്.

(3) ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള റോഡ് മേജർ ജില്ലാ റോഡായി ഉയർത്തണമെന്ന് ആ തദ്ദേശഭരണ സ്ഥാപനം സർക്കാരിനോട് ആവശ്യപ്പെടുകയാണെങ്കിൽ മുകളിൽ സൂചിപ്പിച്ച കമ്മിറ്റി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുന്നതാണ്. പരിശോധനയിൽ റോഡിന്റെ പദവി ഉയർത്തി നിശ്ചയിക്കാമെന്ന് കണ്ടെത്തുകയാണെങ്കിൽ റോഡിന്റെ അറ്റകുറ്റപ്പണിക്ക് ആവശ്യമായ പണം തുടർന്നുള്ള വർഷങ്ങളിൽ ആ തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കേണ്ട വിഹിതത്തിൽ നിന്ന് കുറവുചെയ്യുന്നതിനുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ലഭ്യമാക്കിയതിനുശേഷം റോഡിന്റെ പദവി ഉയർത്തി ഉടമസ്ഥാവകാശം പൊതുമരാമത്ത് വകുപ്പിനെ ഏല്പിക്കുന്നതും തുടർന്നുള്ള വർഷങ്ങളിൽ ആ തദ്ദേശഭരണ സ്ഥാപനത്തിനുള്ള വിഹിതത്തിൽ കുറവുവരുത്തുന്നതുമാണ്.

(4) റോഡ് ഭൂപടം തയ്യാറാക്കുന്ന പരിപാടി നാട്പാക്കിന്റെ (NATPAC) സഹായത്തോടുകൂടി ഉടൻതന്നെ നടപ്പാക്കേണ്ടതാണ്. മോട്ടോർ ബൈക്കിൽ സഞ്ചരിച്ചുകൊണ്ട് ജി.പി.എസ്. (Global Positioning System) സാങ്കേതികവിദ്യ ഉപയോഗിച്ച് മാപ്പിംഗ് നടത്തുന്നതിന് പശ്ചിമബംഗാളിൽ വികസിപ്പിച്ചെടുത്ത രീതി,

ദ്രുതഗതിയിൽ മാപ്പിംഗ് നടത്തുന്നതിനും ജി.ഐ.എസ്. സംവിധാനത്തിൽ അവയെ സംയോജിപ്പിക്കുന്നതിനും, ഇവിടേയും അവലംബിക്കേണ്ടതാണ്. ഇത് പ്രാവർത്തിക മാക്കുന്നതിന് പശ്ചിമബംഗാൾ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഗ്രാമവികസന ഏജൻസിയുമായി (RDA) ധാരണയിൽ ഏർപ്പെടണം.

(5) റോഡിന്റെ തരം, ഉടമസ്ഥത എന്നിവ എളുപ്പത്തിൽ തിരിച്ചറിയുന്നതിന് ഓരോ വിഭാഗം റോഡിനും വ്യത്യസ്തമായ അടയാളങ്ങളോടുകൂടിയ ബോർഡുകൾ 2011 ഏപ്രിൽ 30–നകം സ്ഥാപിക്കേണ്ടതാണ്. റോഡ് മെയിന്റനൻസ് സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് റോഡിന്റെ ഉടമസ്ഥതയുള്ള യഥാർത്ഥ ഏജൻസിയെ സമീപിക്കാൻ ഇത് സഹായിക്കും.

(6) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിയോ പരിഷ്കരണ പ്രവൃത്തികളോ നടപ്പാക്കുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസം, എം.പി.യുടെ പ്രാദേശിക വികസന പരിപാടി (MPLADS), എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് (MLASDF), ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (RIDF), സംസ്ഥാനാവിഷ്കൃത പരിപാടി മുതലായ പദ്ധതികളുടെ ഫണ്ട് ഉപയോഗിക്കുകയാ ണെങ്കിൽ ഭാവിയിൽ ആ പ്രവൃത്തികളുടെ നിർവഹണം നിർബന്ധമായും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ തന്നെ ഏല്പിക്കേണ്ടതാണ്.

(7) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന റോഡ് മെയിന്റനൻസ് ഫണ്ട്, പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശ ങ്ങൾ പ്രകാരമുള്ള അറ്റകുറ്റപ്പണികൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ.

(8) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകളുടെയും പോളിടെക്നിക്കുകളുടെയും സേവനം ഉപയോഗിച്ച് ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സംവിധാനം ആവിഷ്ക്കരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഇതിനുള്ള പ്രൊപ്പോസൽ ഒരുമാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(9) മറ്റു ജില്ലാ റോഡുകളുടെയും പൊതുമരാമത്ത് വകുപ്പിൽ മുമ്പ് നിക്ഷിപ്തമായിരുന്ന വില്ലേജ് റോഡുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിന്, പി.എം.ജി.എസ്.വൈ പദ്ധതിയുടെ 8–ാം ഘട്ട പ്രവൃത്തികൾ തയ്യാറാക്കുമ്പോൾ അതിൽ ഇത്തരം പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതാണ്.

(10) ഭാവിയിൽ റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾ "കണക്ടിവിറ്റി പ്ലാനിനെ" അടിസ്ഥാനമാക്കി മുൻഗണനാക്രമത്തിൽ മാത്രമേ നടപ്പാക്കാൻ പാടുള്ളൂ. മേജർ ജില്ലാ റോഡുകൾ വരെയുള്ള എല്ലാ റോഡുകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കണക്ടിവിറ്റി പ്ലാൻ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

9 സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
10 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും
20 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
21 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
22 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
23 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
24 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
25 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
26 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
27 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
28 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
29 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
30 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
32 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
33 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
34 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
35 ഓഫീസ് കോപ്പി/കരുതൽ ഫയൽ
36 പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം:5644; തീയതി 20.01.2011)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
5. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്